LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

2005 മാർച്ച് 15, ചൊവ്വ

വാല്യം CXXIV] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 21

നിയമസഭ 2005 മാർച്ച് മാസം 15-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30 -ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ.....ഓർഡർ.....ചോദ്യംനമ്പർ *438

പിൽഗ്രീം ടൂറിസം വികസനം

*1 [438] ഡോ. എം. എ. കുട്ടപ്പൻ:
ശ്രീമതി ശോഭനാ ജോർജ്:
ശ്രീ. പി. ജെ. ജോയി:
,, കെ. എ. ചന്ദ്രൻ:
,, ടി. വി. ചന്ദ്രമോഹൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആരാധനാലയങ്ങളെ അടിസ്ഥാനമാക്കിയുള്ള പിൽഗ്രീം ടൂറിസം വികസനത്തിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അത് സംബന്ധിച്ച പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ;

2/676/2012—2

(സി) ഏതെല്ലാം ആരാധനാലയങ്ങളെ അടിസ്ഥാനമാക്കിയാണ് പിൽഗ്രീം ടൂറിസം വികസിപ്പിക്കുവാനുദ്ദേശിക്കുന്നത്;

(ഡി) പ്രസ്തുത ആരാധനാലയങ്ങളെ തമ്മിൽ കെ. എസ്. ആർ. ടി. സി. സർവ്വീസ് മുഖേന ബന്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ): സർ,

(എ) & (ബി) തീർത്ഥാടക ടൂറിസത്തിന് വേണ്ടത്ര പ്രാധാന്യം നൽകി കൊണ്ട് ഈ മേഖലയിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ധാരാളം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി പ്രധാന തീർത്ഥാടന കേന്ദ്രങ്ങളിൽ തീർത്ഥാടകർക്ക് വേണ്ട താമസസൗകര്യ കേന്ദ്രങ്ങൾ, ഇൻഫർമേഷൻ സെന്ററുകൾ എന്നിവ തുടങ്ങുകയും ടൂറിസം സർക്യൂട്ടിൽ പ്രധാന തീർത്ഥാടന കേന്ദ്രങ്ങൾ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ പ്രധാന തീർത്ഥാടന കേന്ദ്രങ്ങളിലേക്കുള്ള റോഡുകളുടെ പണിയും ടൂറിസം വകുപ്പ് ഏറ്റെടുത്ത് ചെയ്യുന്നുണ്ട്.

(സി) സംസ്ഥാനത്തെ പ്രധാനപ്പെട്ട തീർത്ഥാടക ടൂറിസം കേന്ദ്രങ്ങളായ ശബരിമല, ഗുരുവായൂർ, മലയാറ്റൂർ, കാലടി, കാടാമ്പുഴ, തിരുനെല്ലി തുടങ്ങിയ തീർത്ഥാടന കേന്ദ്രങ്ങളിലും കൂടാതെ ടൂറിസം പ്രാധാന്യമുള്ള പല ആരാധനാലയങ്ങളിലും അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിച്ചിട്ടുണ്ട്.

(ഡി) തീർത്ഥാടന കേന്ദ്രങ്ങളിലേക്ക് നിലവിൽതന്നെ ബസ് സർവ്വീസുകൾ ഉണ്ട്. ആരാധനാലയങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന കാര്യം ഗതാഗതവകുപ്പുമായി ആലോചിച്ചു പരിശോധിക്കുന്നതാണ്.

ഡോ. എം. എ. കുട്ടപ്പൻ: സർ, ഗുരുവായൂർ, ശബരിമല തുടങ്ങിയ തീർത്ഥാടന കേന്ദ്രങ്ങളിൽ പ്രതിവർഷം ലക്ഷക്കണക്കിന് ആളുകളാണ് എത്തിച്ചേരാറുള്ളത്. പക്ഷേ നാം നൽകുന്ന സേവനമാകട്ടെ, അടിസ്ഥാന സൗകര്യമാകട്ടെ വളരെ പരിമിതമായിട്ടുള്ളതാണ്. വരുന്ന തീർത്ഥാടകർ ധാരാളം പണം മുടക്കുന്നുമുണ്ട്. ആ സാഹചര്യത്തിൽ തിരുപ്പതി മോഡലിൽ കൂടുതൽ സേവനവും അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിന് ടൂറിസം വകുപ്പ് പ്രത്യേകമായ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുമോ?

ശ്രീ. കെ. സി. വേണുഗോപാൽ: തീർത്ഥാടകരെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മെമ്പർ ഉദ്ദേശിച്ച കാര്യങ്ങളൊക്കെ നടപ്പിലാക്കേണ്ടത് ദേവസ്വം വകുപ്പുമായി ബന്ധപ്പെട്ടാണ്. ടൂറിസം വകുപ്പ് ചെയ്യുന്നത് തീർത്ഥാടകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുകയും ആ കേന്ദ്രങ്ങളെ ടൂറിസം വകുപ്പിന്റെ ശൃംഖലകളിൽപ്പെടുത്തിക്കൊണ്ട് ആവശ്യമായ പ്രചരണം

LIBRARY ARCHIVES Kerala Legislative Assembly

നൽകുകയുമാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതു പോലെ തീർത്ഥാടകർക്ക് സൗകര്യം ഒരുക്കിക്കൊടുക്കുന്നതിനു വേണ്ടി ഗുരുവായൂരിൽ സമഗ്രമായ ഒരു ടൂറിസ്റ്റ് കോംപ്ലക്സിന്റെ പണി പൂർത്തിയാക്കിയിട്ടുണ്ട്. ശബരിമലയിലും വനഭൂമി കിട്ടുകയാണെങ്കിൽ, വനഭൂമി നൽകാമെന്ന് ഇപ്പോൾ കേന്ദ്രഗവൺമെന്റ് ഏകദേശം സമ്മതിച്ചിട്ടുണ്ട്, തീർത്ഥാടകർക്ക് സൗകര്യം ഒരുക്കുന്നതിനുവേണ്ടി അവിടെയൊരു വിശാലമായ കോംപ്ലക്സ് പണിയാൻ ടൂറിസം വകുപ്പിന് താത്പര്യമുണ്ട്. അത് ബന്ധപ്പെട്ട വകുപ്പിനെ അറിയിച്ചിട്ടുമുണ്ട്. ഏതായാലും അതിന് ഭൂമി കിട്ടുന്ന മുറയ്ക്കായിരിക്കും പരിഗണിക്കുക. ബഹുമാനപ്പെട്ട മെമ്പർ ഉദ്ദേശിച്ച സമഗ്രമായ തിരുപ്പതി മോഡൽ ഉണ്ടാക്കുന്നത് ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട് എടുക്കേണ്ട തീരുമാനമാണ്, അത് ഇപ്പോൾ ആലോചനയിൽ വന്നിട്ടില്ല.

ഡോ. എം. എ. കുട്ടപ്പൻ: 2005-06-ൽ ടൂറിസം വകുപ്പിന് ബഡ്ജറ്റിൽ upgradation and creation of infrastructure at Tourist Centres and development of infrastructure at Pilgrim Centres എന്ന പേരിൽ 3039 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഈ തുക വിനിയോഗിച്ചുകൊണ്ട് ദേവസ്വം ബോർഡും അതുപോലെതന്നെ മതസ്ഥാപനങ്ങളുമായി സംസാരിച്ച് mutually agreed terms-ൽ തീർത്ഥാടകർക്കുവേണ്ടി toilet, dormitory തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയുള്ള സ്കീം ഏറ്റെടുക്കാൻ ടൂറിസം വകുപ്പ് തയ്യാറാകുമോ?

ശ്രീ. കെ. സി. വേണുഗോപാൽ: ഞാനത് ബഹുമാനപ്പെട്ട മെമ്പറുടെ ആദ്യത്തെ ചോദ്യത്തിന് മറുപടിയായി പറഞ്ഞു. ദേവസ്വം ബോർഡ് ഇതുമായി ബന്ധപ്പെട്ട് സ്ഥലം തരികയാണെങ്കിൽ അവിടെ തീർത്ഥാടകർക്കുവേണ്ടി സമഗ്രമായ സൗകര്യം ഒരുക്കുന്ന കാര്യം ഗവൺമെന്റ് സജീവമായി പരിഗണിച്ചുവരുന്നുണ്ട്, അക്കാര്യം പരിശോധിച്ചിട്ടുമുണ്ട്.

ശ്രീ. പി. ജെ. ജോയി: സർ, ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ തീർത്ഥാടന കേന്ദ്രങ്ങളായ കാലടിയിലും മലയാറ്റൂരിലും ഒട്ടേറെ വികസന പദ്ധതികൾ നടപ്പാക്കി വരുന്നതായി സൂചിപ്പിക്കുകയുണ്ടായി. എന്തെല്ലാം പദ്ധതികളാണ് അവിടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. സി. വേണുഗോപാൽ: കാലടിയിൽ ഒരു Tourist Information Centre സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. അവിടെയുള്ള ബന്ധപ്പെട്ട പഞ്ചായത്തിനെയാണ് അതിന്റെ നിർമ്മാണ ചുമതല ഏല്പിച്ചുകൊടുത്തിരിക്കുന്നത്. അതുപോലെതന്നെ മലയാറ്റൂരിലും ഒരു Tourist Information Centre സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള നടപടി പൂർത്തിയാക്കിയിട്ടുണ്ട്. ഇതുകൂടാതെ കാലടിയുടെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട് കാലടിയിലേക്ക് ഒരു അദ്വൈത

LIBRARY ARCHIVES Kerala Legislative Assembly

വീഥിതന്നെ സൃഷ്ടിക്കുന്നതിനു വേണ്ടി ഗവൺമെന്റ് ഒരു കോടിയിൽപ്പരം രൂപ വകയിരുത്തിയിട്ടുണ്ട്. കാലടിയുടെ സമഗ്രമായ വികസനത്തിനുവേണ്ടി ഒരു പദ്ധതി തയ്യാറാക്കുന്നതിന് ബഹുമാനപ്പെട്ട എം. എൽ. എ. യുമായി ചേർന്ന് യോഗം വിളിച്ചുകൂട്ടുകയും അതനുസരിച്ച് നടപടി പൂർത്തിയാക്കുകയും ചെയ്യുന്നുണ്ട്.

ശ്രീ. പി. ജെ. ജോയി: സർ, കാലടിയിൽ ഒരു യാത്രിനിവാസ് ഒരു കോടിയിലേറെ രൂപ ചെലവുചെയ്ത് നിർമ്മാണം പൂർത്തീകരിച്ച് കേന്ദ്ര ടൂറിസം വകുപ്പുമന്ത്രിവന്ന് ഉദ്ഘാടനം നിർവ്വഹിച്ചിട്ട് ഇപ്പോൾ മാസങ്ങളായി. അത് തുറന്നു പ്രവർത്തിക്കാൻ ഇതുവരെ നടപടികളായിട്ടില്ല. എത്രയുംവേഗം ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് അത് തുറന്നു പ്രവർത്തിപ്പിക്കാനുള്ള സാഹചര്യം ഒരുക്കുമോ?

ശ്രീ. കെ. സി. വേണുഗോപാൽ: കാലടിയിലെ കേന്ദ്രം തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. എ. ചന്ദ്രൻ: സർ, ഭാഗ്യത്തിന് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുകൾ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. സി. വേണുഗോപാൽ മന്ത്രി കൈകാര്യം ചെയ്തുകൊണ്ടിരിക്കുകയാണ്. അത് എന്തുകൊണ്ടും നന്നായി. ഈ തീർത്ഥാടന കേന്ദ്രങ്ങൾ ടൂറിസ്റ്റു കേന്ദ്രങ്ങളാക്കി മാറ്റുന്നത് ശരിയാണോ അതോ പാടില്ലാത്തതാണോ എന്നുള്ളതാണ് പ്രശ്നം. തീർത്ഥാടന കേന്ദ്രങ്ങളിൽ വരുന്നവർക്ക് ആചാരാനുഷ്ഠാനങ്ങൾ പാലിച്ചുകൊണ്ട് അതിന്റെ പവിത്രത നിലനിർത്തിക്കൊണ്ട് അവർക്ക് അത്യാവശ്യം വേണ്ടുന്ന സൗകര്യങ്ങൾ ഒരുക്കി ക്കൊടുക്കുന്ന ജോലിയിൽ നമ്മൾ വ്യാപൃതരാകണം. അതിനുള്ള സൗകര്യം ഇന്ന് മിക്ക സ്ഥലങ്ങളിലുമില്ല. തീർത്ഥാടനത്തിന് തമിഴ്നാട്, ആന്ധ്ര, കേരളം അങ്ങനെയുള്ള അതിർത്തികളൊന്നുമില്ല. ഇന്ന് മനുഷ്യമനസ്സിന് ഒരു സമാധാനത്തിനുവേണ്ടി എന്തും ചെയ്യുന്ന ഒരു അവസ്ഥയിലേക്ക് പോകുമ്പോൾ വിശ്വാസമുണ്ടായിട്ടോ അല്ലയോ എന്നറിയില്ല, തീർത്ഥാടന കേന്ദ്രങ്ങളിൽ വരികയെന്നത് ഒരു ആശ്വാസമായി കണ്ടിട്ടുണ്ട്. അവിടേയും വികൃതമായ പലതും കണ്ടും കേട്ടും പോകാൻ ഇടവരുത്തരുത്. അങ്ങനെ വരുത്താതിരിക്കുന്നതിനാ വശ്യമായ സൗകര്യവും, അത്യാവശ്യം താമസ സൗകര്യവും ആ തീർത്ഥാടന കേന്ദ്രത്തിന്റെ പവിത്രത എന്താണെന്ന് ചോദിച്ചറിയാതെതന്നെ അനുഭവിച്ചറി യാത്തവണ്ണമുള്ള സംവിധാനവും ഒരുക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. സി. വേണുഗോപാൽ: അങ്ങ് ഇവിടെ വളരെ പ്രസക്തമായ കാര്യമാണ് സൂചിപ്പിച്ചത്. തീർത്ഥാടന കേന്ദ്രങ്ങളൊന്നും വിനോദസഞ്ചാര കേന്ദ്രങ്ങളാക്കി മാറ്റാൻ ഗവൺമെന്റ് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. മാത്രമല്ല, കേരളത്തിലെത്തുന്ന വിനോദസഞ്ചാരികളുടെ കണക്കെടുക്കുമ്പോൾ ഒരിക്കലും ഈ തീർത്ഥാടന കേന്ദ്രത്തിലേക്കുവരുന്ന ആളുകളുടെ എണ്ണം എടുക്കാറില്ല. തീർത്ഥാടന കേന്ദ്രത്തിലേക്കുവരുന്ന ഭക്തജനങ്ങൾക്കാവശ്യമായ

LIBRARY ARCHIVES Kerala Legislative Assembly

സൗകര്യം ചെയ്തു കൊടുക്കുക, അവർക്കാവശ്യമായ യാത്രാസൗകര്യം ചെയ്തു കൊടുക്കുക, താമസസൗകര്യം ചെയ്തുകൊടുക്കുക, പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കാനാവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കുക എന്നിവയാണ് വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്നത്. അത് സാമ്പത്തിക ലഭ്യതയ്ക്കനുസരിച്ച് പ്രധാനപ്പെട്ട എല്ലാ ക്ഷേത്രങ്ങളുടേയും പ്രധാനപ്പെട്ട എല്ലാ ആരാധനാലയങ്ങളുടേയും പരിധിയിൽ വരുന്ന രീതിയിൽ നടപടി സ്വീകരിക്കുകയാണ് ഗവൺമെന്റ് ചെയ്തുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എ. ചന്ദ്രൻ: സർ, ഇന്ത്യ സ്വാതന്ത്ര്യം പ്രാപിച്ചപ്പോൾ ഉണ്ണാനും ഉടുക്കാനും ഇല്ലാതിരുന്ന അന്ന് ജലസംഭരണികൾ നിർമ്മിക്കുകയും, അതിൽ ഏറ്റവും ബൃഹത്തായ ഭക്രാനങ്കൽ അന്നത്തെ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഉത്ഘാടനം ചെയ്ത വേളയിൽ പ്രസംഗിച്ചത് അങ്ങ് ഓർക്കുന്നുണ്ടാകും. നമ്മുടെ ജലസംഭരണികൾ തീർത്ഥാടന കേന്ദ്രങ്ങളായി കാണാനും സംരക്ഷിക്കാനും കഴിയണമെന്നുള്ളതാണ്. ജനബാഹുല്യംകൊണ്ടും എന്തൊക്കെയോ നേടാനും വേണ്ടിയുള്ള ഓട്ടത്തിനിടയ്ക്ക് സ്വസ്ഥതയോടെ ഇരിക്കാനുള്ള ഒരിടവും ഇന്ന് കേരളത്തിലില്ല. അല്പമുള്ളത് നമ്മുടെ ജലസംഭരണികളുമായി ബന്ധപ്പെട്ട ഇടങ്ങളാണ്. അവിടെയുള്ള പുങ്കാവനവും അവിടെയുള്ള ജലസംഭരണിയുമൊക്കെ തീർത്ഥാടന കേന്ദ്രംപോലെ സംരക്ഷിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. സി. വേണുഗോപാൽ: ജലസംഭരണികളും അവയോടനുബന്ധിച്ചുള്ള പൂന്തോട്ടങ്ങളുമൊക്കെതന്നെ വിനോദസഞ്ചാര കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുവേണ്ടി, ഇവിടെ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ പരിപാവനമായി സംരക്ഷിക്കാൻ വേണ്ടിയാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ തന്നെ താത്പര്യമെടുത്തതനുസരിച്ച് മലമ്പുഴയിലെ മലമ്പുഴ ഗാർഡൻ, ജലസേചന വകുപ്പിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു സംഭാവനയാണ്. അതിന്റെ വികസനം മുരടിച്ചു നിൽക്കുകയായിരുന്നു. അതിന്റെ വികസനത്തിനു വേണ്ടിയുള്ള സമഗ്രമായ പദ്ധതി ഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. അത് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാവുന്നതാണ്.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: ബഹുമാനപ്പെട്ട മന്ത്രി ടൂറിസവും ദേവസ്വവും ഒന്നിച്ചു കൈകാര്യം ചെയ്യുന്നതായതുകൊണ്ട്, പിൽഗ്രിം ടൂറിസത്തിനുള്ള അനന്തമായ സാധ്യതകൾ ഫലപ്രദമായി ഉപയോഗിക്കുന്നതിനുള്ള ശ്രമവും അദ്ദേഹം നടത്തുന്നുണ്ട്. എന്റെ ജില്ലയിൽ ദക്ഷിണകാശി എന്നറിയപ്പെടുന്ന തൃക്കണ്ണാട് ശിവക്ഷേത്രം, പാലക്കുന്ന് ശ്രീ ഭഗവതി ക്ഷേത്രം, മധൂർ ശ്രീമദ് അനന്തേശ്വര ക്ഷേത്രം, അടൂർ ശ്രീ സിദ്ധിവിനായക ക്ഷേത്രം, കർണ്ണാടകയിലെ കൊല്ലൂർ മൂകാംബിക ക്ഷേത്രം, ചരിത്ര പ്രസിദ്ധമായ മാലിക് ദീനാർ, നെല്ലിക്കുന്നിലെ തങ്ങൾ ഉപ്പാപ്പയുടെ കബർ, ഇതെല്ലാം പതിനായിരക്കണക്കിന് ആളുകൾ തീർത്ഥാടനം നടത്തുന്ന

കേന്ദ്രങ്ങളാണ്. ബേക്കലിന്റെ കൂടി സാധ്യതകൾ കണക്കിലെടുത്ത്, ഈ മേഖലകൾകൂടി ഉൾപ്പെടുത്തിക്കൊണ്ട്, ഇന്ത്യൻ ടൂറിസത്തിന്റെ ഭാഗമായി ഒരു പ്രത്യേക പദ്ധതി ആവിഷ്കരിക്കുന്നതിന് അങ്ങ് നടപടി സ്വീകരിക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. കെ. സി. വേണുഗോപാൽ: ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതു പോലെ ബേക്കൽ ടൂറിസം വികസന പദ്ധതിയുടെ ടേക്ക്ഓഫിനോടനുബന്ധിച്ച്, ബേക്കലുമായി ബന്ധപ്പെട്ട് സർക്യൂട്ട് ഡെവലപ്പ് ചെയ്യുന്ന കാര്യം ഗവൺമെന്റ് സജീവമായി പരിഗണിച്ചു വരികയാണ്. അങ്ങു സൂചിപ്പിച്ച മതവിശ്വാസികളുടെയും തീർത്ഥാടന കേന്ദ്രങ്ങൾ വളരെ പ്രധാനപ്പെട്ടതാണ്. അവയൊക്കെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു സർക്യൂട്ട് ടൂറിസം ഡെവലപ് ചെയ്യാൻ, ബേക്കലിന്റെ ടേക്ക്ഓഫ് കൂടി പരിഗണിച്ചുകൊണ്ട് നടപ്പിലാക്കുവാൻ ഗവൺമെന്റ് ആലോചിച്ചു വരികയാണ്.

ശ്രീ. വർക്കല കഹാർ: ദക്ഷിണകാശിയെന്നും ഭൂമിയുടെ വൈകുണ്ഠം എന്നും അറിയപ്പെടുന്ന വർക്കല, വേദകാലം മുതൽ ഒരു തീർത്ഥാടന കേന്ദ്രമാണ്. തമ:സ്സോമാ ജ്യോതിർഗമയാ; ലോകാ: സമസ്താ സുഖിനോ ഭവന്തു ആ പ്രാർത്ഥനയുടെ ശംഖൊലി ആദ്യം ഉയർന്നു കേട്ട സ്ഥലമാണ് വർക്കല. ഈ പ്രദേശങ്ങളിൽ എത്തുന്ന ലക്ഷക്കണക്കിന് വരുന്ന തീർത്ഥാടകരുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. സി. വേണുഗോപാൽ: വർക്കലയുടെ സംസ്കാരത്തിന്റെ വികസനം ലക്ഷ്യംവച്ചുകൊണ്ട്, വിനോദസഞ്ചാരത്തിന്റെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് ഒരു അതോറിറ്റി തന്നെ നമ്മൾ രൂപീകരിച്ചിരിക്കുകയാണ്. അതു കൂടാതെ പാപനാശം - വർക്കല നടപ്പാതകൾക്കുവേണ്ടി 96 ലക്ഷം രൂപയുടെ ഒരു പദ്ധതിക്ക് അനുമതി കൊടുത്തു കഴിഞ്ഞു. അതിന്റെ പ്രവർത്തനം തുടങ്ങി കഴിഞ്ഞിരിക്കുകയാണ്. വർക്കല തീർത്ഥാടക ടൂറിസത്തിനു വളരെയധികം പ്രാധാന്യമുള്ള സ്ഥലമാണ്. ആ സ്ഥലത്തിന്റെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ടു തന്നെ തുടർ പരിപാടികളും ആവിഷ്കരിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. എ. കെ. ബാലൻ: ടൂറിസ്റ്റുകളെ വളരെയധികം ആകർഷിക്കുന്നതാണ് നമ്മുടെ കേരളത്തിലെ ആരാധനാകേന്ദ്രങ്ങൾ. അതുപോലെ അവിടെയുള്ള അമ്പലങ്ങളെ സംബന്ധിച്ചും ദൈവങ്ങളെ സംബന്ധിച്ചുമുള്ള ഒരു ലിറ്ററേച്ചർ തയ്യാറാക്കാൻ ടൂറിസം ഡിപ്പാർട്ടുമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. സി. വേണുഗോപാൽ: വളരെ പ്രസക്തമായ ഒരു കാര്യമാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത്. മലബാറിലെ തെയ്യങ്ങളെ സംബന്ധിച്ച് സമഗ്രമായ വിവരണം ടൂറിസം വകുപ്പിന്റെ ഇൻഫർമേഷൻ സെന്ററിലൂടെ കൊടുക്കുന്നുണ്ട്. ഇതു കൂടാതെ കേരളത്തിലെ പ്രധാനപ്പെട്ട ആരാധനാ കേന്ദ്രങ്ങളുടെ ചരിത്രവും അതുമായി ബന്ധപ്പെട്ട പുരാണവും ഐതിഹ്യവുമൊക്കെ കൂട്ടിച്ചേർത്തുകൊണ്ട് ഒരു ലിറ്ററേച്ചർ തയ്യാറാക്കുന്ന കാര്യം ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കെ. ബാവ: ഗുരുവായൂരിന്റെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട്, പിൽഗ്രിം ടൂറിസം വകുപ്പിന്റെ ഭാഗമായി ഒരു കോംപ്ലക്സ് പണിയുന്ന കാര്യം അങ്ങ് പറഞ്ഞു. അതേ സമയം നമ്മുടെ സംസ്ഥാനത്തും അയൽ സംസ്ഥാനങ്ങളിലുമുള്ള ഒട്ടേറെ ആരാധനാകേന്ദ്രങ്ങളുമായി ബന്ധിപ്പിക്കുന്ന കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ അവിടെ നടത്തിയിരുന്നു. അതിൽ പലതും ഇപ്പോൾ നിർത്തലാക്കിയിട്ടുണ്ട്. അതു പുനഃസ്ഥാപിക്കുന്നതിന് മന്ത്രി താൽപ്പര്യം കാണിക്കുമോ?

ശ്രീ. കെ. സി. വേണുഗോപാൽ: പ്രധാനപ്പെട്ട തീർത്ഥാടന കേന്ദ്രങ്ങളെ തമ്മിൽ കെ. എസ്. ആർ. ടി. സി. ബസ്സ് സർവ്വീസുകളുമായി ബന്ധിപ്പിക്കുന്നതിനുവേണ്ടി, ഇന്നു ആ സൗകര്യങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിൽ അതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കണമെന്ന് ബഹുമാനപ്പെട്ട ഗതാഗതവകുപ്പുമന്ത്രിയോട് ആവശ്യപ്പെടുന്നതാണ്. മാത്രവുമല്ല ടൂറിസം വകുപ്പുതന്നെ തീർത്ഥാടന കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതിനുവേണ്ടി ഗതാഗതവകുപ്പുമായി ആലോചിച്ച് സമഗ്രമായ ഒരു പദ്ധതി തയ്യാറാക്കാൻ ആലോചിക്കുന്നുണ്ട്.

ശ്രീ. ഡി. സുഗതൻ: ഗുരുവായൂരപ്പനും അമ്പലപ്പുഴ ശ്രീകൃഷ്ണ സ്വാമിയും ഒന്നുതന്നെയാണ്. സ്വർഗ്ഗാരോഹണത്തിനുമുമ്പ് ഭഗവാൻ കൃഷ്ണൻ നൽകിയ ഒരു വിഗ്രഹമാണ് അമ്പലപ്പുഴ ശ്രീകൃഷ്ണ വിഗ്രഹം. ഒരു കാലത്ത് ഗുരുവായൂർ ക്ഷേത്രത്തിനെക്കാൾ പ്രാധാന്യം അമ്പലപ്പുഴ ക്ഷേത്രത്തിനുണ്ടായിരുന്നു. ഇതു കണക്കിലെടുത്തുകൊണ്ട്, അമ്പലപ്പുഴ ക്ഷേത്രം കേന്ദ്രീകരിച്ചു കൊണ്ടുള്ള ഒരു ടൂറിസം പ്രോജക്ടിന് ഈ ഗവൺമെന്റ് ആവശ്യമായ സഹായം നൽകുമോ?

ശ്രീ. കെ. സി. വേണുഗോപാൽ: അങ്ങു സൂചിപ്പിച്ചത് വളരെ ശരിയാണ്. അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമി ക്ഷേത്രം വളരെ പ്രസിദ്ധമായ ക്ഷേത്രമാണ്. അമ്പലപ്പുഴ പാൽപ്പായസം തന്നെ വളരെ പ്രസിദ്ധമാണ്. ഞാനും ബഹുമാനപ്പെട്ട അംഗവും ആ അമ്പലത്തിൽ പോയിരുന്നു. അമ്പലപ്പുഴ ദേവസ്വം ബോർഡ് സ്ഥലം തരികയാണെങ്കിൽ, ഭക്തജനങ്ങൾക്ക് സൗകര്യം ഒരുക്കുന്നതിനുവേണ്ടി അവിടെ സമഗ്രമായ ഒരു ടൂറിസം പദ്ധതി തയ്യാറാക്കാൻ ഗവൺമെന്റ് തയ്യാറാണെന്നുള്ള വിവരം അദ്ദേഹത്തെ അറിയിച്ചിട്ടുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ആരാധനാകേന്ദ്രങ്ങളോടനുബന്ധിച്ച് ആഭ്യന്തര ടൂറിസം വികസിപ്പിച്ചെടുക്കുന്നതിന് അനന്തസാധ്യതകളുണ്ട്. കുറെയധികം ആരാധനാകേന്ദ്രങ്ങൾക്ക് സ്വന്തമായി ഫണ്ടുണ്ട്. എന്നാൽ യാതൊരു വരുമാനവുമില്ലാത്ത ചില ആരാധനാകേന്ദ്രങ്ങളുമുണ്ട്. അവർക്ക് സ്വന്തമായി വികസനം നടത്താൻ സാധിക്കാത്തത് പരിഗണിച്ച് അത്തരം സ്ഥാപനങ്ങളുടെ വികസനസൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ ഒരു പ്രത്യേകമായ പദ്ധതിക്കു രൂപം കൊടുക്കുമോ?

ശ്രീ. കെ. സി. വേണുഗോപാൽ: ശരിയാണ്. അന്തിത്തിരി കത്തിക്കാൻപോലും വകയില്ലാതെ വളരെയധികം ദാരിദ്ര്യം അനുഭവിക്കുന്ന ക്ഷേത്രങ്ങളുണ്ട്. അത്തരം ക്ഷേത്രങ്ങളടക്കം പുനരുദ്ധരിപ്പിച്ചുകൊണ്ട്, ടൂറിസത്തിന്റെ സാധ്യതകൾ കണക്കിലെടുത്ത് ടൂറിസം സാദ്ധ്യതകൾ വികസിപ്പിക്കുന്നതിനു വേണ്ടിയുള്ള ശ്രമങ്ങൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. പ്രത്യേകിച്ച് മലബാറിലെ ചില കാവുകളെ സംരക്ഷിക്കുന്നതിനുവേണ്ടി ഒരു സമഗ്രമായ പദ്ധതി ഗവൺമെന്റ് തയ്യാറാക്കി വരുന്നുണ്ട്.

ശ്രീ. കെ. എൻ. എ. ഖാദർ: ഹജ്ജിനുപോകുന്ന മുഴുവൻ തീർത്ഥാടകരും കോഴിക്കോട് വിമാനത്താവളം വഴിയാണ് പോകുന്നത്. ആ വിമാനത്താവളത്തിന്റെ പരിസരത്തു ഒരു ഗസ്റ്റ് ഹൗസ് പണിയുക, പരിസരത്തുള്ള റോഡുകൾ നന്നാക്കിയെടുക്കുക, ഇപ്പോൾ അവിടെ ഉണ്ടാക്കിയിട്ടുള്ള യാത്രിനിവാസ് ഫർണിഷ് ചെയ്യുക തുടങ്ങിയ ആവശ്യങ്ങൾ പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. അതുപോലെ എയർ ഇന്ത്യ, ഇന്ത്യൻ എയർലൈൻസ് തുടങ്ങിയ വിമാനങ്ങളൊഴികെ, വിമാനങ്ങൾ വരാൻ തയ്യാറായിട്ടുപോലും, ഒരു വിദേശ വിമാനത്തിനേയും അങ്ങോട്ടു വരാൻ സമ്മതിക്കുന്നില്ല. എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട കോഴിക്കോടു വിമാനത്താവളവും പരിസരവും ഈ തീർത്ഥാടന പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. സി. വേണുഗോപാൽ വളരെയധികം ഗൗരവമുള്ള ഒരു പ്രശ്നമാണ് അങ്ങ് ഇവിടെ സൂചിപ്പിച്ചത്. ഹജ്ജ് തീർത്ഥാടനവുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങൾ ഇതിനു മുമ്പു തന്നെ ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ട്. കോഴിക്കോട് വിമാനത്താവളത്തിന്റെ അപ്ഗ്രഡേഷൻ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ടേക്കപ്പ് ചെയ്യുന്ന വിഷയമാണ്. കൂടുതൽ വിമാനങ്ങൾ അവിടേക്ക് വരുന്നതിനുവേണ്ടിയും, അന്താരാഷ്ട്ര നിലവാരം ശരിക്കും ഉറപ്പു വരുത്തുന്നതിനു വേണ്ടിയുമുള്ള നടപടികൾ സ്വീകരിക്കുക തന്നെ ചെയ്യും. ഹജ്ജ് തീർത്ഥാടനവുമായി ബന്ധപ്പെട്ട് എന്തൊക്കെ സൗകര്യങ്ങൾ ഒരുക്കാൻ കഴിയും അതൊക്കെ ഒരുക്കുന്നതിനുവേണ്ടി ടൂറിസം ഡിപ്പാർട്ടുമെന്റിനു ചെയ്യാൻ കഴിയുന്ന പരമാവധി കാര്യങ്ങൾ ചെയ്യാൻ തയ്യാറാണ്. ബന്ധപ്പെട്ട എം.എൽ.എ.-യുമായി ആലോചിച്ച് ഒരു പദ്ധതി തയ്യാറാക്കാൻ ഗവൺമെന്റിനു ഉദ്ദേശ്യമുണ്ട്. ഒരു യാത്രിനിവാസ് അവിടെ തയ്യാറാക്കിയിട്ടുണ്ടായിരുന്നു. നേരത്തെ കാലടിയിൽ സ്ഥാപിച്ചതുപോലെ അതും ഉടനടി തുറന്നു പ്രവർത്തിപ്പിക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്.

ശ്രീ. കെ. ബാബു: ഇന്ത്യയിൽ ഏറ്റവും കൂടുതൽ പഴക്കം ചെന്ന മുസ്ലീം പള്ളിയാണ് കൊടുങ്ങല്ലൂർ ചേരമാൻ പള്ളി. ജൂതന്മാരായ ആളുകൾ ലോകം മുഴുവൻ വേട്ടയാടപ്പെട്ടപ്പോൾ അവർക്ക് സംരക്ഷണം നൽകുകയുമൊക്കെ ചെയ്തത് ഈ പള്ളിയാണ്. അവരുടെ ആളുകൾ മട്ടാഞ്ചേരിയിലും ചേന്ദമംഗലത്തുമെല്ലാം

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായിരുന്നു. ഇതിന്റെ പ്രാധാന്യം മറ്റു രാജ്യങ്ങളിലേക്കും പ്രദേശങ്ങളിലേക്കും പ്രചരിപ്പിക്കാൻ ഗവൺമെന്റ് മുൻകൈ എടുക്കുമോ? തീർത്ഥാടന ടൂറിസവുമായി ബന്ധപ്പെട്ടുകൊണ്ട് വളരെയേറെ ആളുകൾ ഈ പ്രദേശത്തു വന്നു പോകുന്നുണ്ട്. പക്ഷേ വേണ്ടത്ര പ്രചരണം കൊടുക്കാൻ ഗവൺമെന്റിനു സാധിക്കുന്നില്ല. അക്കാര്യം ഗവൺമെന്റ് ശ്രദ്ധിക്കുമോ?

ശ്രീ. കെ. സി. വേണുഗോപാൽ: അങ്ങ് ഇവിടെ സൂചിപ്പിച്ചതു വളരെ ശരിയാണ്. വളരെ വർഷങ്ങളോളം പഴക്കമുള്ള ദേവാലയങ്ങളിൽ ഒന്നാണ് ചേരമാൻ മസ്ജിദ് എന്നു പറയുന്നത്. ആ ദേവാലയത്തിന്റെ പുനരുദ്ധാരണത്തിനുവേണ്ടിയും അറിവിന്റെ സൗകര്യം ഒരുക്കുന്നതിനുവേണ്ടിയുമുള്ള സമഗ്രമായ ഒരു പദ്ധതി ഗവൺമെന്റ് തയ്യാറാക്കിയിട്ടുണ്ട്. അതുപോലെ സിനഗോഗിന്റെ കാര്യം, മാളയിലെ സിനഗോഗ്, പറവൂരിലെ സിനഗോഗ് ഇതൊക്കെ സംരക്ഷിക്കുന്നതിനുവേണ്ടി ആർക്കിയോളജി ഡിപ്പാർട്ടുമെന്റുമായി ചേർന്നുകൊണ്ട് ഒരു പദ്ധതി തന്നെ തയ്യാറാക്കിക്കഴിഞ്ഞു. ഇതിനകം ഒന്നു രണ്ട് സിനഗോഗുകൾ നന്നാക്കി കഴിഞ്ഞിട്ടുണ്ട്. ഇനിയും ഇത്തരം നിർദ്ദേശങ്ങൾ വന്നാൽ ഗവൺമെന്റ് വളരെ പോസിറ്റീവായി പരിഗണിക്കുന്നതാണ്.

ശ്രീ. പി. നാരായണൻ: വൈക്കം മേജർ മഹാദേവ ക്ഷേത്രം തെക്കൻ കാശി എന്നറിയപ്പെടുന്ന ക്ഷേത്രമാണ്. ദേവസ്വം ബോർഡു തന്നെ ശബരിമലയുടെ ഇടത്താവളമായി പ്രഖ്യാപിച്ചിരിക്കുന്ന സ്ഥലമാണ്. വേമ്പനാട്ടു കായലിന്റെ പ്രകൃതി രമണീയതയും ഇതുമെല്ലാംകൂടി കണക്കിലെടുക്കുമ്പോൾ ടൂറിസം വികസനത്തിനു വളരെയധികം സാധ്യതയുള്ള സ്ഥലമാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് അതറിയാവുന്നതാണ്. ഇതിന്റെയെല്ലാം പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് ഇതു വികസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. സി. വേണുഗോപാൽ: വേമ്പനാട്ടു കായലും വൈക്കം ക്ഷേത്രവും വളരെ പ്രാധാന്യമുള്ള പ്രദേശങ്ങളാണ്. വൈക്കം വിനോദസഞ്ചാര മേഖലയിൽ വളരെ പ്രാധാന്യം കൊടുക്കാവുന്ന ഒരു പ്രദേശമാണ്. അവിടെ കെ. ടി. ഡി. സി. യുടെ സ്ഥാപനങ്ങളുണ്ട്. വൈക്കത്തിന്റെ വിനോദസഞ്ചാര പ്രാധാന്യം കണക്കിലെടുത്തുകൊണ്ട്, വളരെ വിശദമായി ഒരു പദ്ധതി തയ്യാറാക്കാൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. ഞാൻ കഴിഞ്ഞ ദിവസം തന്നെ ബഹുമാനപ്പെട്ട മെമ്പറോടു ഇക്കാര്യം സൂചിപ്പിച്ചതാണ്

ശ്രീ. തോമസ് ചാഴികാടൻ: ലോകത്തിലെ തന്നെ വളരെ പ്രസിദ്ധമായ ടൂറിസ്റ്റ് കേന്ദ്രമാണ് കുമരകം. കുമരകത്തു നിന്നും മാന്നാനത്തേക്കു പോകാൻ കനാൽ സൗകര്യമുണ്ട്. മാന്നാനം ഒരു തീർത്ഥാടന കേന്ദ്രമാണ്. ഡി.ടി.പി.സി. ടൂറിസം വികസനത്തിനുള്ള സാധ്യതകൾ കണ്ടെത്തി അവിടെ ഒരു കെട്ടിടം പണിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മാന്നാനവും ഏറ്റുമാനൂർ മഹാദേവർക്ഷേത്രവും

LIBRARY ARCHIVES Kerala Legislative Assembly

ശബരിമല തീർത്ഥാടകരുടെ ഒരു ഇടത്താവളമാണ്. കുമരകവും മാന്നാനവും ഏറ്റുമാനൂരും ഭരണങ്ങാനവും ഇലവീഴാപുഞ്ചിറയും തമ്മിൽ ബന്ധപ്പെടുത്തിയാൽ ടൂറിസ്റ്റ് സാധ്യത വളർത്തിയെടുക്കാനുള്ള സാഹചര്യമുണ്ട്. അതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. കെ.സി. വേണുഗോപാൽ:</u> സർ, തീർത്ഥാടനകേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് വികസനം നടത്തുമ്പോൾ അതിൽ ഒരു പ്രധാനപ്പെട്ട പ്രശ്നമായി വരുന്നത് സ്ഥലത്തിന്റെ ലഭ്യതയാണ്. ആ സ്ഥലം ക്ഷേത്രത്തിന്റെ ആളുകൾ ടൂറിസം വകുപ്പിന് കൈമാറിത്തന്നാൽ മാത്രമേ അവിടെ വികസന പ്രവർത്തനങ്ങൾ നടത്താൻ നമുക്ക് കഴിയുകയുള്ളു. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച പ്രധാനപ്പെട്ട ഏറ്റുമാനൂർ ക്ഷേത്രവും അതുമായി ബന്ധപ്പെട്ട കാര്യങ്ങളുമൊക്കെ ഗവൺമെന്റിന്റെ സജീവ പരിഗണനയിലുള്ളതാണ്. ഏറ്റുമാനൂർ ക്ഷേത്രമടക്കം സ്ഥലം തരാൻ തയ്യാറാണെങ്കിൽ നമുക്ക് അത്തരമൊരു പദ്ധതിയെക്കുറിച്ച് ആലോചിക്കാവുന്നതാണ്. ഇലവീഴാപുഞ്ചിറയിൽ കഴിഞ്ഞ ദിവസം നമ്മൾ ഒരു യോഗം കൂടിയിരുന്നു. ആ യോഗത്തിൽ ഇതുമായി ബന്ധപ്പെട്ട് ഒരു പദ്ധതി തയ്യാറാക്കുന്ന കാര്യം ആലോചിക്കാൻ ഇക്കോ ടൂറിസം ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

<u>ശ്രീ. എ. കെ. മണി :</u> സർ, മൂന്നാർ ലോകത്തിലെ പ്രസിദ്ധമായ ഒരു ടൂറിസ്റ്റ് കേന്ദ്രമാണ്. ഇവിടെ നിന്നും ധാരാളം ആളുകൾ പളനിയിലേക്കും വേളാങ്കണ്ണിയിലേക്കും കാൽനടയായി പോകുകയാണ്. അവരുടെ ഇടത്താവളമെന്നു പറയുന്നത് ചിന്നാർ ആണ്. അവിടെ താമസിക്കാൻ യാതൊരു സൗകര്യവുമില്ല. കാട്ടാനകളും കാട്ടുപോത്തുകളുമുള്ള മേഖലയാണ്. അതുകൊണ്ട് ഇത്തരം ഭക്തർക്ക് താമസിച്ച് റെസ്റ്റ് എടുത്തിട്ട് നടക്കാൻവേണ്ടി അവിടെ ഡോർമിറ്ററി പണിയാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. സി. വേണുഗോപാൽ :</u> സർ, മൂന്നാറിൽ ഒരു യാത്രിനിവാസിന് അനുമതി കൊടുത്തിട്ടുണ്ട്. അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അടുത്ത മാസം ആരംഭിക്കും. ചിന്നാറിലെ കാര്യം ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചു. 13-ാം തീയതി മൂന്നാർ മേളയോടനുബന്ധിച്ച് ഒരു യോഗം വിളിച്ചുകൂട്ടിയിട്ടുണ്ട്. മൂന്നാറിന്റെ സമഗ്രമായ വികസനവുമായി ബന്ധപ്പെട്ട് ആ യോഗത്തിൽ ഈ കാര്യവും പരിശോധിക്കുന്നതാണ്.

<u>ശ്രീ. എം. വി. ജയരാജൻ :</u> സർ, സ്വാമിനാഥൻ കമ്മീഷൻ 2002 ഫെബ്രുവരി 20-ന് സമർപ്പിച്ച second interim recommendation report-ൽ തീർത്ഥാടക ടൂറിസം കേന്ദ്രത്തിന്റെ വികസനവുമായി ബന്ധപ്പെട്ടുകൊണ്ട് പറയുന്ന കാര്യം green-health tourism is gaining popularity, the State has got a high degree of clean tourism എന്നാണ്. ഇപ്പോൾ തീർത്ഥാടനകേന്ദ്രങ്ങളിലെ ടൂറിസം വികസനവുമായി ബന്ധപ്പെട്ടുകൊണ്ട് ഈ റെക്കമെന്റേഷൻ നടപ്പാക്കാൻ ഗവൺമെന്റ് സന്നദ്ധമാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. വേണുഗോപാൽ : സർ, സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മൂന്ന് മേഖലകളിൽ ടൂറിസത്തിന്റെ സാദ്ധ്യതകളുണ്ടെന്നാണ് പറഞ്ഞത്. തീർത്ഥാടക ടൂറിസത്തിൽ, ഇക്കോ ടൂറിസത്തിൽ, അതുപോലെ റൂറൽ ടൂറിസത്തിൽ. ഇതുമായി ബന്ധപ്പെട്ട് ശ്രീ. കെ. വി. തോമസ് മന്ത്രിയായിരുന്ന സന്ദർഭത്തിൽ ഇതിനുവേണ്ടി മൂന്ന് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടായിരുന്നു. തീർത്ഥാടക ടൂറിസവുമായി ബന്ധപ്പെട്ട ശ്രീ. ബാബു പോൾ ചെയർമാനായി രൂപീകരിച്ച കമ്മിറ്റിയുടെ ശുപാർശകളനുസരിച്ചാണ് ഇത്തരം കാര്യങ്ങൾ ഗവൺമെന്റ് നടപ്പിലാക്കി വരുന്നത്.

ശ്രീ. കെ. കെ. ഷാജു : സർ, എന്റെ നിയോജകമണ്ഡലത്തിലെ പന്തളത്താണ് അയ്യപ്പൻ ജനിച്ചത്. അവിടെ അയ്യപ്പൻ കുളിച്ച കുളമുണ്ട്, പുലിപ്പാലുമായി മടങ്ങിവന്നപ്പോൾ അദ്ദേഹം വിശ്രമിച്ച മണികണ്ഠൻ ആൽത്തറയുണ്ട്. അയ്യപ്പൻ ജനിച്ചുവളർന്ന കൊട്ടാരങ്ങളുണ്ട്. അതെല്ലാം ഇന്ന് നാശോന്മുഖമായി ക്കൊണ്ടിരിക്കുകയാണ്. അതിനെയെല്ലാം പുനരുജ്ജീവിപ്പിക്കാനും പത്തനംതിട്ട ജില്ലയിലെ Tourism destination point-ആയി പന്തളത്തെ പ്രഖ്യാപിച്ച് അതിന്റെ വികസന സാദ്ധ്യതകൾ ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. സി. വേണുഗോപാൽ : സർ, ബഹുമാനപ്പെട്ട അംഗം വളരെ താൽപ്പര്യപൂർവ്വമാണ് നിർദ്ദേശങ്ങൾ സമർപ്പിച്ചത്. പന്തളം വളരെ പ്രസിദ്ധമായ സ്ഥലമാണ്. അയ്യപ്പക്ഷേത്രത്തെക്കുറിച്ച് പറയുമ്പോൾ വളരെ പ്രധാനപ്പെട്ട ക്ഷേത്രമാണ് പന്തളം. പന്തളത്തിന്റെ പുനരുദ്ധാരണത്തിനു വേണ്ടിയും ഇതൊരു ക്ഷേത്രനഗരമാക്കി വളർത്തിയെടുക്കുന്നതിനുവേണ്ടിയുമുള്ള വിശദമായ പദ്ധതികളാണ് തയ്യാറാക്കേണ്ടത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച ചില നിർദ്ദേശങ്ങൾ ഗവൺമെന്റിന്റെ മുന്നിലുണ്ട്. അതുപരിശോധിച്ച് വരുന്നുണ്ട്.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : സർ, മറ്റ് ബാദ്ധ്യതകളൊന്നുമില്ലാതെ ഇസ്ലാം മതവിശ്വാസികൾ ഹജ്ജ് തീർത്ഥാടനം നടത്തുന്നതുപോലെ, ക്രൈസ്തവർ തീർത്ഥാടനം നടത്തുന്ന ഏറ്റവും പ്രധാനപ്പെട്ട കേന്ദ്രമാണ് ജറുസലേം. കൊല്ലം കേന്ദ്രമാക്കി ജറുസലേം തീർത്ഥാടനത്തിന്റെ മറവിൽ ഒരു ട്രാവൽ ഏജൻസി വളരെയേറെ തട്ടിപ്പുകൾ നടത്തുകയും മറ്റാളുകളുടെ പേരിലുള്ള പടം ഒട്ടിച്ച പാസ്പോർട്ടുകൾ നൽകുകയും ചെയ്തതിന്റെ ഫലമായി ഇപ്പോൾ പലരും ജയിലിലാണ്. തീർത്ഥാടനവുമായി ബന്ധപ്പെട്ട് നടക്കുന്ന ഇത്തരം തട്ടിപ്പുകൾ അവസാനിപ്പിക്കുവാനും ഹജ്ജ് തീർത്ഥാടനത്തിനുവേണ്ടി ഗവൺമെന്റിന്റെ നിയന്ത്രണമുള്ളതുപോലെ ഗവൺമെന്റിന്റെ അറിവോടും അംഗീകാരത്തോടുംകൂടി മാത്രം ഈ ഏജൻസികളെ നിയന്ത്രിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. വേണുഗോപാൽ : ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത് പ്രത്യേകമായ ഒരു കാര്യമാണ്. എങ്കിലും തീർത്ഥാടനങ്ങളുടെ പേരിലുള്ള തട്ടിപ്പുകൾ ഗവൺമെന്റ് പ്രോൽസാഹിപ്പിക്കുന്നതല്ല. എന്നാലും ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യം പരിശോധിക്കുന്നതാണ്.

ശ്രീ. രാജു എബ്രഹാം: സർ, തീർത്ഥാടക ടൂറിസമെന്ന concept-കളിൽ ഒന്ന് തീർത്ഥാടനം കഴിഞ്ഞ് മടങ്ങുന്ന ആളുകളെ നമ്മുടെ സ്റ്റേറ്റിൽ രണ്ട് ദിവസമെങ്കിലും നിർത്തുക. അപ്പോൾ അതിന്റെ വരുമാനം ഉണ്ടാകും. ശബരിമലയിൽ നിന്ന് പച്ചക്കാനംവഴി തേക്കടിയിൽ പോകാൻ ആളുകൾക്ക് സൗകര്യമുണ്ടെങ്കിൽ തേക്കടിയിലേക്ക് പോകാം. അതിനെന്തെങ്കിലും നടപടി സ്വീകരിക്കുമോ? അതോടൊപ്പംതന്നെ ഈ സ്റ്റേറ്റുകളിൽ ഇതുസംബന്ധിച്ചുള്ള പരസ്യങ്ങൾ കൊടുക്കാനുള്ള നടപടി ടൂറിസം വകുപ്പ് സ്വീകരിക്കുമോ?

ശ്രീ. കെ. സി. വേണുഗോപാൽ: സർ, ശബരിമലയിൽ ഇപ്പോൾ വരുന്നയാളുകൾ നാലും അഞ്ചും ദിവസം നിന്നിട്ടാണ് മടങ്ങിപ്പോകുന്നത്. മകരവിളക്കിന് വരുന്ന അയ്യപ്പഭക്തൻമാർ അവിടെ നിണ്ട ക്യൂവായതുകൊണ്ട് നാലും അഞ്ചും ദിവസം അവിടെ തങ്ങുന്ന സ്ഥിതിയാണുള്ളത്. ഏതായാലും ശബരിമലയുമായി ബന്ധപ്പെട്ട് കാനനപാതകളെ വികസിപ്പിക്കാൻ, അത് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെകൂടി സഹകരണമുണ്ടെങ്കിലേ നമുക്ക് വികസിപ്പിച്ചെടുക്കാൻ കഴിയുകയുള്ളു. അത് ബഹുമാനപ്പെട്ട അംഗത്തിനും അറിയാവുന്നതാണ്. കാനനപ്പാതകളെ ശക്തിപ്പെടുത്തിക്കഴിഞ്ഞാൽ തേക്കടിയിലേക്കും അതുമായി ബന്ധപ്പെട്ട മറ്റ് പ്രദേശങ്ങളേയും ബന്ധിപ്പിക്കാവുന്നതാണ്. എന്തായാലും യാത്രാസൗകര്യം വർദ്ധിപ്പിക്കുന്ന കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്.

ശ്രീ. എ. സി. ഷൺമുഖദാസ് : സർ, ശബരിമല ടൂറിസം മാപ്പിൽ ശബരിമല, മലയാറ്റൂർ, ഗുരുവായൂർ, കാടാമ്പുഴ ഈ സ്ഥലങ്ങളുണ്ട്. വടക്കൻ കേരളത്തിലെ പറശ്ശിനിക്കടവ് മടപ്പുര പ്രസിദ്ധമായ ഒരു ക്ഷേത്രമാണ്. അവിടെ കർണ്ണാടകക്കാരാണ് കൂടുതലും വരുന്നത്. ആ ക്ഷേത്രത്തെ ടൂറിസം മാപ്പിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. സി. വേണുഗോപാൽ : സർ, ഇവിടെ നാല് ക്ഷേത്രങ്ങളുടെ കാര്യം പറഞ്ഞു. ഈ നാല് ക്ഷേത്രങ്ങളുടേയും കാര്യം പറഞ്ഞുവെന്നു മാത്രമേയുള്ളൂ. അതിൽ ഏതെങ്കിലും ക്ഷേത്രങ്ങളെ ഒഴിവാക്കുകയോ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല പറശ്ശിനിക്കടവിൽ നമുക്ക് മാത്രമായി ഒരു പരിപാടി നടപ്പിലാക്കാൻ കഴിയില്ല. കാരണം അങ്ങേക്ക് അറിയാമല്ലോ. അതൊരു സ്വകാര്യക്ഷേത്രമാണ്. അവിടെ സംസ്ഥാന ഗവൺമെന്റിന്റെ തുക ചെലവഴിച്ചുകൊണ്ട് ഒരു പദ്ധതി നടപ്പിലാക്കാൻ സാധിക്കുകയില്ലെങ്കിലും പറശ്ശിനിക്കടവിലേക്ക് വരുന്ന ലക്ഷക്കണക്കായിട്ടുള്ള ഭക്തജനങ്ങൾക്ക് സൗകര്യമൊരുക്കുന്നതിനുവേണ്ടി നമ്മൾ ഇപ്പോൾ ധർമ്മശാലയിൽ ഒരു ടൂറിസ്റ്റ് കോംപ്ലക്സ് പണിയാൻ തീരുമാനിച്ചിട്ടുണ്ട്. 27-ാം തീയതി അതിന്റെ തറക്കല്ലിടുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സ്റ്റീഫൻ ജോർജ്ജ്: സർ, മള്ളിയൂർ മനയും, കുറവിലങ്ങാട് സെന്റ് മേരീസ് ചർച്ചും പ്രധാനപ്പെട്ട പിൽഗ്രീം സെന്ററുകളാണ്. അത് ഔദ്യോഗികമായി pilgrim centre-കളായി പ്രഖ്യാപിക്കുവാൻ തയ്യാറാകുമോ? അങ്ങ് ഉൾപ്പെടെ പ്രമുഖ വ്യക്തികൾ വന്നിട്ടുള്ള മള്ളിയൂർ മനയും ഗുരുവായൂർ ക്ഷേത്രവും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു കെ.എസ്.ആർ.ടി.സി ബസ് തുടങ്ങാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. സി. വേണുഗോപാൽ: സർ, മള്ളിയൂർ വളരെ പ്രാധാന്യമുള്ള ക്ഷേത്രമാണ്. അന്ന് ഞാനും ഉണ്ടായിരുന്നു. മള്ളിയൂരിന്റെ പ്രാധാന്യം വിപുലമാണ്. മള്ളിയൂരും ഗുരുവായൂരുമായി ബന്ധപ്പെടുത്തി ഒരു ബസ് അനുവദിക്കുന്ന കാര്യം ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിയോട് ആവശ്യപ്പെടുന്നതാണ്.

ശ്രീ. എം. എ. ചന്ദ്രശേഖരൻ: സർ, ലക്ഷ്മണ പ്രതിഷ്ഠയുള്ള ക്ഷേത്രങ്ങൾ കേരളത്തിൽ വളരെ അപൂർവ്വമാണ്. ദക്ഷിണേന്ത്യയിൽത്തന്നെ ഏറ്റവും പ്രധാനപ്പെട്ട മുഴിക്കടൽ ലക്ഷ്മണക്ഷേത്രവും അതുപോലെ ചെമ്മനാട് ഗുഹാക്ഷേത്രവും. ഈ ക്ഷേത്രങ്ങളെക്കൂടി തീർത്ഥാടന പദ്ധതിയിൽ ഉൾപ്പെടുത്താൻ ശ്രമിക്കുമോ?

ശ്രീ. കെ. സി. വേണുഗോപാൽ: സർ, നമ്മുടെ എല്ലാ ക്ഷേത്രങ്ങൾക്കും അതിന്റേതായ പ്രാധാന്യങ്ങളും പ്രത്യേകതകളുമുണ്ട്. നമുക്ക് ഒറ്റയടിക്ക് എല്ലാ ക്ഷേത്രങ്ങളേയും ഈ പദ്ധതിയിൽപ്പെടുത്തി വികസിപ്പിച്ചെടുക്കാൻ കഴിയില്ല. സാമ്പത്തികമായ ബുദ്ധിമുട്ടുകളുണ്ട്. തീർത്ഥാടന ടൂറിസ്റ്റുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കുവേണ്ടി 2004-05 വർഷത്തിൽ മാത്രം നാല് കോടിയോളം രൂപയുടെ ഭരണാനുമതി കൊടുത്തിട്ടുണ്ട്. ഇത്തരം നിർദ്ദേശങ്ങളൊക്കെ പരിശോധിച്ചിട്ട് സാമ്പത്തിക സ്ഥിതികൂടി കണക്കിലെടുത്ത് അനുമതി നൽകുന്നതാണ്.

ശ്രീ. കെ. പി. മോഹനൻ: ബഹുമാനപ്പെട്ട മന്ത്രി ഉത്തരവ് നൽകിയപ്പോൾ വലിയ ക്ഷേത്രങ്ങളെക്കുറിച്ചുള്ള ശൃംഖലയാണ് പറഞ്ഞത്. ബഹുമാനപ്പെട്ട എ. സി. ഷൺമുഖദാസ് സൂചിപ്പിച്ചതുപോലെ മലബാറിലെ വടകരയിലെ ലോകനാർകാവ്, കളരിപരമ്പര ദൈവങ്ങളുടേയും തച്ചോളി ഒതേനന്റേയും ഉണ്ണിയാർച്ചയുടേയും തട്ടകമായിരുന്നു. അതുപോലെ മുത്തപ്പൻ മടപ്പുര, പറശ്ശിനിക്കടവ്, ലോകനാർക്കാവ് ഇതൊക്കെ ഇപ്പോൾ ടൂറിസ്റ്റ് കേന്ദ്രം തന്നെയാണ്. അതുപോലെ മുത്തപ്പൻ മടപ്പുരകളും ലോകനാർക്കാവും കണ്ണമത്ത് ഉണ്ട്. വെളിമ്പത്ത് മക്കം ഇവയൊക്കെച്ചേർത്തുകൊണ്ട് ഒരു ശൃംഖല ഉണ്ടാക്കാൻ ശ്രമിക്കുമോ?

ശ്രീ. കെ. സി. വേണുഗോപാൽ : സർ, കണ്ണൂരിൽത്തന്നെ രാജരാജേശ്വരി ക്ഷേത്രം വളരെ വലിയ ക്ഷേത്രമാണ്. 21 ലക്ഷത്തി ഇരുപത്തിനാലായിരം രൂപയുടെ ഒരു പദ്ധതി അവിടത്തെ തീർത്ഥാടകർക്ക് സൗകര്യമുണ്ടാക്കി കൊടുക്കുന്നതിനുവേണ്ടി തുടങ്ങാൻ കഴിഞ്ഞിട്ടുണ്ട്. അതുപോലെ തിരുനെല്ലിക്ഷേത്രം ആ ക്ഷേത്രത്തിലേക്കുള്ള റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് ഏഴ്

ലക്ഷത്തി മുപ്പതിനായിരം രൂപയുടെ ഭരണാനുമതി നൽകി കഴിഞ്ഞിട്ടുണ്ട്. വടക്കൻമേഖലയിലെ ജൈനക്ഷേത്രങ്ങൾ സംരക്ഷിക്കാൻ വേണ്ടി 49 ലക്ഷം രൂപയുടെ പദ്ധതിയാവിഷ്കരിച്ചിട്ടുണ്ട്. ഇതുകൂടാതെതന്നെ ഇവിടെ സൂചിപ്പിച്ചത് പറശ്ശിനിക്കടവുമായി ബന്ധപ്പെടുത്തേണ്ട കാര്യമാണ്. ധർമ്മശാലയിൽ നമ്മൾ ഈ കാര്യത്തിൽ ഒരു ടൂറിസ്റ്റ് കോംപ്ലക്സ് പണിയാൻ ഉദ്ദേശിക്കുകയാണ്. മലബാറിലെ ക്ഷേത്രങ്ങളും കാവുകളുമായി ബന്ധപ്പെട്ട് ടൂറിസം വികസിപ്പിക്കാനാവശ്യമായ പദ്ധതികൾക്ക് രൂപം നൽകിവരികയാണ്.

ശ്രീ. കെ. മോഹൻകുമാർ: സർ, ഷർട്ടും ബനിയനും ഊരിവച്ചതിനുശേഷം മാത്രമേ പ്രധാനക്ഷേത്രങ്ങളിൽ പ്രവേശിക്കാൻ അനുമതി നൽകുകയുള്ളൂ. പ്രധാന തീർത്ഥാടന കേന്ദ്രങ്ങളിലെങ്കിലും സ്വകാര്യ ഹോട്ടലുകളെ ആശ്രയിക്കാതെ തീർത്ഥാടകർക്ക് ബാഗുകളും വസ്ത്രങ്ങളും സൂക്ഷിക്കാനും പ്രാഥമികകർമ്മങ്ങൾ അനുഷ്ഠിക്കാനുമുള്ള സൗകര്യം ദേവസ്വം വകുപ്പോ അല്ലെങ്കിൽ ടൂറിസം വകുപ്പോ മുൻകൈയെടുത്ത് നടപ്പാക്കാൻ നിർദ്ദേശം നൽകുമോ?

ശ്രീ. കെ. സി. വേണുഗോപാൽ: സർ, ഇപ്പോൾ ക്ഷേത്ര കമ്മിറ്റികളുണ്ട്. ഏകദേശം പകുതി സ്വയംഭരണാവകാശമുള്ള കമ്മിറ്റികളാണ്. അപ്പോൾ ക്ഷേത്ര കമ്മിറ്റികൾക്ക് ഇത്തരം നിർദ്ദേശങ്ങൾ സമർപ്പിക്കാവുന്നതാണ്. അത്തരം നിർദ്ദേശങ്ങൾ നടപ്പിലാക്കുമ്പോൾ ഗവൺമെന്റ് അത് സ്വീകരിക്കുന്നതുമാണ്.

ശ്രീ. പി. എസ്. സുപാൽ: സർ, ഐതീഹ്യം അനുസരിച്ച് ശ്രീ അയ്യപ്പന്റെ ബാല കൗമാര യൗവ്വന കാലഘട്ടം കുളത്തൂപ്പുഴ, അച്ചൻകോവിൽ, ആര്യൻകാവ് പ്രദേശങ്ങളുമായി ബന്ധപ്പെട്ടതാണ്. ഇത് അങ്ങേക്ക് അറിയാവുന്ന കാര്യമാണ്. അവിടെ തീർത്ഥാടക സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ കഴിയണം. അതുപോലെതന്നെ പുനലൂർ ശബരിമല തീർത്ഥാടന കേന്ദ്രവുമായി ബന്ധപ്പെട്ട ഒരു പ്രധാനപ്പെട്ട ഇടത്താവളമാണ്. അവിടെ സൗകര്യങ്ങൾ വളരെ കുറവാണ്. അവിടെ സൗകര്യങ്ങൾ വർദ്ധിപ്പിച്ച് അത് ഒരു ഇടത്താവളമെന്ന നിലയിൽ പ്രാവർത്തികമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. സി. വേണുഗോപാൽ: തീർച്ചയായും അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ മൂന്ന് അയ്യപ്പ ക്ഷേത്രങ്ങളുമായി ബന്ധപ്പെടുത്തി ഒരുപാട് വിശ്വാസികൾ അവിടെ പോയിക്കൊണ്ടിരിക്കുന്ന ഒരു പ്രദേശമാണ്. അതുപോലെ പുനലൂരിന്റെ പ്രാധാന്യവും ഉണ്ട്. തിരുവനന്തപുരം ദേവസ്വംബോർഡ് ഇത് രണ്ടും ഉൾപ്പെടുത്തിക്കൊണ്ടുതന്നെ ഇതിന് ആവശ്യമായ പദ്ധതികൾ തയ്യാറാക്കുന്നതാണ്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സർ, അതിരപ്പിള്ളി, വാഴച്ചാൽ, തുമ്പൂർമൊഴി തുടങ്ങിയ പ്രകൃതിമനോഹരമായ പ്രദേശങ്ങളുടെ സാമീപ്യം കൊണ്ട് അനുഗ്രഹീതമായ ചാലക്കുടിയെ കൊരട്ടി, മുത്തയം, കണ്ണമ്പുഴ, ഭഗവതിയും കൈകോർത്തു നിൽക്കുന്ന ചാലക്കുടിയെ, പ്രസിദ്ധമായ ഒരു പിൽഗ്രീം ടൂറിസം വികസന കേന്ദ്രമാക്കി വികസിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. വേണുഗോപാൽ: ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച ആ പ്രത്യേക ക്ഷേത്രത്തിന്റെ കാര്യം ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിലില്ല. ആതിരപ്പള്ളി വെള്ളച്ചാട്ടവുമായി ബന്ധപ്പെട്ട് സമഗ്രമായ ഒരു പദ്ധതിയാണ് ഗവൺമെന്റ് തയ്യാറാക്കി വരുന്നത്. അതിനുവേണ്ടി കോടിക്കണക്കിന് രൂപയാണ് ചെലവഴിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. കെ. സി. ജോസഫ്: സർ, ഇവിടെ ഉണ്ടായ നിർദ്ദേശങ്ങൾ നോക്കിയാൽ ബഡ്ജറ്റ് വിഹിതം മുഴുവൻ ചെലവഴിച്ചാലും ഇത് നടപ്പാക്കാൻ സാധിക്കുകയില്ല. ടൂറിസം ഡിപ്പാർട്ടുമെന്റിനുള്ള പരിമിതമായ ഫണ്ടിന്റെ കാര്യം പരിഗണിച്ചുകൊണ്ട് ഈ പിൽഗ്രിം ടൂറിസത്തിന്റെ പദ്ധതികൾക്ക് ലോക ബാങ്കിന്റേയോ അന്തർദേശീയ ധനകാര്യ സ്ഥാപനങ്ങളുടേയോ നബാഡിന്റേയോ സഹായം വാങ്ങാനുള്ള പദ്ധതികൾ ആലോചിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ അത് വെളിപ്പെടുത്താമോ?

ശ്രീ. കെ. സി. വേണുഗോപാൽ: ടൂറിസം ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചിടത്തോളം ഇപ്പോൾ നിലവിലുള്ള പദ്ധതിയിൽപ്പെടുത്തിയിട്ടാണ് ഇത്തരം കാര്യങ്ങൾ നടപ്പിലാക്കിവരുന്നത്. ഗവൺമെന്റിന്റെ മുൻപിൽ സാമ്പത്തികമായ ബുദ്ധിമുട്ടുകൾ ഉണ്ട്. ഇപ്പോഴുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കിക്കൊണ്ടു പോകുന്നുണ്ട്. പുതിയ സാമ്പത്തിക നിർദ്ദേശങ്ങൾ എന്തൊക്കെ വേണം എന്ന് ഗവൺമെന്റ് ഇപ്പോൾ ആലോചിച്ചിട്ടില്ല. അത്തരം കാര്യങ്ങൾ പരിശോധിച്ച് തീരുമാനം എടുക്കുന്നതാണ്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, മലപ്പുറം ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു തീർത്ഥാടന കേന്ദ്രമാണ് മമ്പറംമക്കാബ്. സാമ്രാജ്യത്തിനെതിരെ പടപൊരുതിയ മമ്പറംമക്കാബ് വലിയപെങ്ങൾ അവിടെയാണ് അന്ത്യവിശ്രമം കൊള്ളുന്നത്. അവിടെ ധാരാളം ഭക്തജനങ്ങൾ വരുന്നുണ്ട്. പക്ഷേ അവിടെ താമസിക്കാനുള്ള സൗകര്യം ഇല്ല. യാത്രീനിവാസ് മോഡലിൽ എന്തെങ്കിലും സൗകര്യം ചെയ്യാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. സി. വേണുഗോപാൽ: മമ്പറംമക്കാബിന്റെ ഭരണാധികാരികളുമായിട്ട് ആലോചിക്കാൻ ഗവൺമെന്റ് തയ്യാറാണ്. അവർ അവിടെ സ്ഥലം അനുവദിച്ചു തരുകയാണെങ്കിൽ അവിടെ താമസസൗകര്യം ചെയ്തുകൊടുക്കാൻ ടൂറിസ്റ്റു ഡിപ്പാർമെന്റിന് സന്തോഷമേയുള്ളു.

ശ്രീ. സി. പി. മുഹമ്മദ്: സർ, തീർത്ഥാടന കേന്ദ്രങ്ങളെ ടൂറിസ്റ്റ് കേന്ദ്രങ്ങൾ ആക്കുന്ന സമീപനത്തോട് യോജിപ്പില്ല എന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. ആദ്ധ്യാത്മിക ചൈതന്യത്തോടും മനഃശുദ്ധിയോടുകൂടിയും നടത്തേണ്ട തീർത്ഥാടന കേന്ദ്രങ്ങളിൽ ഇന്ന് ഹെൽത്ത് ക്ലബ്ബുകളും ആധുനിക ടൂറിസ്റ്റ് ഹോമുകളും അതുപോലെ നിസോർട്ടുകളും വ്യാപകമായിക്കൊണ്ടിരിക്കുകയാണ്.

പ്ലാസ്റ്റിക്കിന്റെ ഉപയോഗം എല്ലാ തീർത്ഥാടന കേന്ദ്രങ്ങളിലും നിരോധിച്ചു. ഇപ്പോഴും ചില പ്രദേശങ്ങളിൽ പിരസരമലിനീകരണം സൃഷ്ടിച്ചു കൊണ്ടിരിക്കുകയാണ്. ആ തീർത്ഥാടന കേന്ദ്രത്തിലെ ആദ്ധ്യാത്മിക ചൈതന്യം നഷ്ടപ്പെടാത്ത വിധത്തിൽ പരിസര മലിനീകരണത്തിനെതിരെ കർശനമായ നടപടി സ്വീകരിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. സി. വേണുഗോപാൽ: തീർത്ഥാടന കേന്ദ്രത്തിലെ ആദ്ധ്യാത്മികതയൊക്കെ പൂർണ്ണമായും സംരക്ഷിക്കേണ്ടത് ഗവൺമെന്റിന്റെ ഉരുക്കുമുഷ്ടി ഉപയോഗിച്ചുകൊണ്ടൊന്നുമല്ല. ഈ കാര്യത്തിൽ വിശ്വാസിസമൂഹം തന്നെയാണ് മുൻകൈ എടുക്കേണ്ടത്. എന്തായാലും ആദ്ധ്യാത്മികത നഷ്ടപ്പെടുത്തുന്ന വിധത്തിലുള്ള യാതൊരു നടപടിയും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നതല്ല. മാത്രമല്ല, അതിനെ നിരുത്സാഹപ്പെടുത്തുന്ന നടപടികൾ മാത്രമേ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാവുകയുള്ളൂ.

ഡോ. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ തീർത്ഥാടക ടൂറിസ്റ്റുകേന്ദ്രങ്ങളുടെ ആധുനികവൽക്കരണത്തെയും വികസനത്തെക്കുറിച്ചും ഒക്കെ വളരെയധികം പറഞ്ഞു. എന്നാൽ ഒരു ദൗർഭാഗ്യകരമായ പ്രശ്നംകൂടിയുണ്ട്. ഇതിന്റെ ഭാഗമായിട്ട് നമ്മുടെ പരമ്പരാഗത വാസ്തു ശിൽപ്പശൈലി ആ കേന്ദ്രങ്ങളുടെ തനതായ അന്തരീക്ഷമെല്ലാം പൂർണ്ണമായിട്ട് നശിപ്പിക്കപ്പെടും. അങ്ങ് സൂചിപ്പിച്ച കൊടുങ്ങല്ലൂർ പള്ളി തന്നെ ഇതിന് ഏറ്റവും വലിയ ഉദാഹരണമാണ്. നമ്മുടെ അമ്പലങ്ങൾക്ക് മുൻപിലും ചുറ്റുമായിട്ട് അമ്പലങ്ങളുടെ തനതായ വാസ്തുശൈലിയോ യാതൊരു ബന്ധമോ ഇല്ലാത്ത സംവിധാനങ്ങൾ വരുകയാണ്. ഇത് ഗൗരവമായി കാണുകയും അത് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുമോ?

ശ്രീ. കെ.സി. വേണുഗോപാൽ: ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് പ്രസക്തമായ ഒരു കാര്യമാണ്. നമ്മുടെ ക്ഷേത്രങ്ങളുടെ പ്രാചീനമായ കലയും അതിന്റെ വാസ്തു ശിൽപ്പവും ഒക്കെ തന്നെയാണ് സഞ്ചാരികളെ ആകർഷിക്കുന്നത്. പഠനാത്മകമായി അവർ കൊണ്ടുനടക്കുന്നതും അതുതന്നെയാണ്. ടൂറിസം ഡിപ്പാർട്ടുമെന്റ് സഹായിക്കുന്ന എല്ലാ പദ്ധതികളും ഈ ക്ഷേത്രങ്ങളുടെ നവീകരണവുമായി ബന്ധപ്പെട്ട് ക്ഷേത്രങ്ങളുടെ നിലവിലുള്ള സ്ഥിതിക്ക് യാതൊരു കോട്ടവും തട്ടാതെ വേണം എന്ന് നിർബന്ധമുണ്ട്. മാത്രമല്ല, ഇത് ചെയ്യുന്നത് ആർക്കിയോളജി ഡിപ്പാർട്ടുമെന്റ് തന്നെയാണ്. പുരാവസ്തു വകുപ്പാണ് ഇതിന്റെ പദ്ധതി തയ്യാറാക്കുന്നത്. അവർ തന്നെയാണ് ഇത് നടപ്പിലാക്കുന്നത്. അല്ലാതെ ഞങ്ങൾ അനുവദിച്ചുപോകുന്ന പ്രശ്നമേയില്ല. ഇത് ഗവൺമെന്റ് വളരെ സജീവമായി കണക്കിലെടുത്ത കാര്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. മമ്മൂട്ടി : സർ, തീർത്ഥാടനത്തിനും വിനോദ സഞ്ചാരത്തിനും വരുന്ന ആളുകൾക്ക് താമസസൗകര്യം വളരെ പ്രധാനപ്പെട്ട പ്രശ്നമാണ്. വയനാട് ജില്ലയെ സംബന്ധിച്ചിടത്തോളം തിരുനെല്ലിയടക്കം വരുന്ന ആളുകൾക്ക് അവിടെ യാത്രീനിവാസോ താമസിക്കുന്നതിനുള്ള മറ്റു സൗകര്യമോയില്ല. അതുകൊണ്ട് വയനാട് ജില്ലയിൽ യാത്രീനിവാസ് ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. സി. വേണുഗോപാൽ : തിരുനെല്ലിയിൽ യാത്രീ നിവാസ് സ്ഥാപിച്ചു കഴിഞ്ഞു. തിരുനെല്ലിയിൽ വരുന്ന തീർത്ഥാടകരെ സംബന്ധിച്ചിടത്തോളം അത് തുറന്ന് പ്രവർത്തനം തുടങ്ങിയിട്ടില്ല. അടിയന്തിരമായി അത് തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. വയനാട്ടിൽ വികസനവുമായി ബന്ധപ്പെട്ട് വിപുലമായ പദ്ധതികളാണ് ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുന്നത്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : സർ, ആരാധനാലയങ്ങളുമായി ബന്ധപ്പെട്ട ടൂറിസത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി പറയുന്നതു കേട്ടു. ഈ ആരാധനാലയങ്ങളുമായി ബന്ധപ്പെട്ട് ഒട്ടേറെ വാസ്തുശിൽപ്പങ്ങളും മറ്റു കാര്യങ്ങളുമെല്ലാം വൻതോതിൽ മോഷണം നടന്നുകൊണ്ടിരിക്കുകയാണ്. അത് തടയുന്നതിനാവശ്യമായ എന്തെങ്കിലും കാര്യങ്ങളെ സംബന്ധിച്ച് മന്ത്രിയും ഗവൺമെന്റും ആലോചിക്കുന്നുണ്ടോ? ഇത് തടയേണ്ടതല്ലേ? ഇത് തടയുന്നതിന് ഗവൺമെന്റിന്റെ സംവിധാനം എന്തൊക്കെയാണ് എന്ന് അറിഞ്ഞാൽ തരക്കേടില്ല.

ശ്രീ. കെ. സി. വേണുഗോപാൽ : ആരാധനാലയങ്ങളിൽ നടക്കുന്ന മോഷണം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ കാര്യത്തിൽ വളരെ കർശനമായി ഗവൺമെന്റ് ക്ഷേത്രങ്ങൾക്ക് നിർദ്ദേശം കൊടുത്തിരിക്കുകയാണ്. പല ക്ഷേത്രങ്ങളിലേയും പ്രശ്നം എന്താണെന്നുവച്ചാൽ അവിടെ കാവൽക്കാരില്ല. കാവൽക്കാർക്ക് ശമ്പളം കൊടുക്കാനുള്ള സ്ഥിതി ക്ഷേത്രങ്ങൾക്കില്ല. പല ക്ഷേത്രങ്ങളും വനത്തിനകത്താണ് ഇരിക്കുന്നത്. വനത്തിനകത്ത് കാവൽക്കാർ ഇല്ലാതിരുന്നാൽ കള്ളൻമാർക്ക് കയറിപോയി മോഷണം നടത്താൻ സൗകര്യവുമുണ്ട്.

ശ്രീ. കെ. സി. വേണുഗോപാൽ : ഇപ്പോൾ കാവൽക്കാരില്ലാത്ത എല്ലാ ക്ഷേത്രങ്ങളിലും കാവൽക്കാരെ വയ്ക്കുന്നതിനുള്ള അനുമതി ഗവൺമെന്റ് കൊടുത്തിരിക്കുകയാണ്. ഈ കാര്യം ഗവൺമെന്റ് പ്രത്യേകമായി പരിശോധിച്ചുവരുന്നതാണ്. അത്തരം സംഭവങ്ങൾ ഉണ്ടാകുമ്പോൾതന്നെ പോലീസിനെകൊണ്ട് ജാഗ്രതയോടെയുള്ള അന്വേഷണം നടത്താൻ നടപടി സ്വീകരിക്കുന്നുണ്ട്. തലശ്ശേരിയിൽ മോഷണം നടന്ന സംഭവം ശ്രീ. കോടിയേരി ബാലകൃഷ്ണനും അറിയാവുന്നതാണ്. ആ കള്ളനെ പിടിക്കുകയും ചെയ്തു. സ്തുത്യർഹമായ രീതിയിൽ ഈ കാര്യത്തിൽ വളരെ ജാഗ്രതയോടുള്ള സമീപനമാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്.

ശ്രീ. ഉമേഷ് ചള്ളിയിൽ : സർ, ഇൻഡ്യയിലെ ആദ്യത്തെ മുസ്ലീം ദേവാലയം കൊടുങ്ങല്ലൂർ ചേരമാൻ ജുമാമസ്ജിദിനെ പിൽഗ്രിം ടൂറിസത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് ബഹുമാനപ്പെട്ട മന്ത്രി ഉത്തരം നൽകുകയുണ്ടയി. വളരെ സന്തോഷമുണ്ട്. പക്ഷേ ഇൻഡ്യയിലെ ആദ്യത്തെ മുസ്ലീം ദേവാലയം ഡൽഹിയിലെ മസ്ജിദ് ആണെന്ന് സി. ബി. എസ്. ഇ. സിലബസിലെ 10-ാം ക്ലാസ് വിദ്യാർത്ഥികൾക്കുള്ള പാഠ്യവിഷയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ അത് തിരുത്തുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. കെ. സി. വേണുഗോപാൽ : പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതും ചോദ്യവുമായിട്ട് ബന്ധമില്ല. ചേരമാൻ ജുമാമസ്ജിദിനെ ഒരു പ്രധാനപ്പെട്ട പിൽഗ്രീം ടൂറിസ്റ്റ് കേന്ദ്രമാക്കി മാറ്റുന്നതിനുള്ള നടപടി ശക്തമായി പുരോഗമിച്ചുവരുകയാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് എന്താണെന്ന് ശ്രദ്ധിക്കാം.

ശ്രീ. ബിനോയ് വിശ്വം: സർ, കേരളം എല്ലാ അർത്ഥത്തിലും മതമൈത്രിയുടെ നാടാണ്. ശബരിമല, ഗുരുവായൂർ, വൈക്കം, പറശ്ശിനിക്കടവ് തുടങ്ങിയ ഹിന്ദു ആരാധനാ കേന്ദ്രങ്ങളും, മലയാറ്റൂർ, മാരാമൺ തുടങ്ങിയ ക്രിസ്ത്യൻ ആരാധനാ കേന്ദ്രങ്ങളും, പെരുമ്പടപ്പ്, കാഞ്ഞിരമറ്റം, നാദാപുരം തുടങ്ങിയ മുസ്ലീം ആരാധനാ കേന്ദ്രങ്ങളും മട്ടാഞ്ചേരിയിലെ സിനഗോഗ് അതെല്ലാം പരിഗണിച്ചുകൊണ്ട് കേരളത്തിലെ ഈ സാദ്ധ്യത ഉപയോഗപ്പെടുത്തിക്കൊണ്ട് Kerala, the land of religious harmony, land of healthy pilgrimage എന്ന ഒരു ടൂറിസം campaign സംഘടിപ്പിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. സി. വേണുഗോപാൽ: സർ, കേരളത്തിന്റെ ടൂറിസം വകുപ്പിന്റെ ലക്ഷ്യവും അതുതന്നെയാണ്. നമ്മുടെ വിവിധ മതങ്ങളുടെ ആരാധനാ കേന്ദ്രങ്ങളെയെല്ലാം ഒന്നിച്ച് ഇവയെ പരസ്പരം ബന്ധപ്പെടുത്തിക്കൊണ്ട് തീർത്ഥാടന ടൂറിസത്തിന്റെ സാദ്ധ്യതകൾ വർദ്ധിപ്പിക്കുക എന്നുള്ളതു തന്നെയാണ് ഗവൺമെന്റിന്റെ ലക്ഷ്യം. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച അതേ സ്പിരിറ്റിൽ തന്നെയാണ് ഗവൺമെന്റ് പ്രവർത്തിക്കുന്നത്.

ശ്രീ. പി. സി. ജോർജ്: സർ, അങ്ങ് ദേവസ്വം മന്ത്രി കൂടിയാണല്ലോ, ശബരിമല തീർത്ഥാടകരുടെ ഒരു ഇടത്താവളം ഇടനാട് മഹാദേവ ക്ഷേത്ര പരിസരത്ത് അനുവദിക്കുകയും വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ച അൽഫോൺസാമ്മയുടെ പേരിൽ ഭരണങ്ങാനം നല്ല ഒരു തീർത്ഥാടന കേന്ദ്രമാക്കാൻ മുൻ മന്ത്രിയുടെ കാലത്ത് ചില നടപടികൾ സ്വീകരിച്ചിരുന്നു ആ നടപടികൾ ത്വരിതപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുമോ?

ശ്രീ. കെ. സി. വേണുഗോപാൽ: സർ, അക്കാര്യം പരിശോധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇസ്ഹാക് കുരിക്കൾ: സർ, മലബാറിലെ മമ്പറം പള്ളി അങ്ങേക്കറിയാമല്ലോ. ബഹുമാനപ്പെട്ട മന്ത്രി അനിൽകുമാറിന് പ്രത്യേകിച്ചറിയാം. അത് ഒരു തീർത്ഥാടന കേന്ദ്രമാക്കിക്കൊണ്ട് ആ പുഴയ്ക്ക് കുറുകെ ഒരു ബ്രിഡ്ജ് നിർമ്മിക്കുവാനും അവിടെ തീർത്ഥാടകർക്ക് സൗകര്യപ്രദമായ സൗകര്യങ്ങൾ വിപുലപ്പെടുത്താനും നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. സി. വേണുഗോപാൽ: സർ, ഞാൻ ഇവിടെ പറഞ്ഞു, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചത് വളരെ പ്രസക്തമായ കാര്യമാണ്. ഞാൻ നേരത്തെ ഇവിടെ മറുപടി പറഞ്ഞു. മമ്പറം പള്ളിയുടെ പരിപാവനത നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. ആ പള്ളിയിൽ വരുന്ന തീർത്ഥാടകർക്ക് സൗകര്യം ചെയ്തു കൊടുക്കുന്നതിനു വേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. അതിന് പള്ളി കമ്മിറ്റി ഭാരവാഹികൾ കൂടി സഹകരിക്കണം.

ശ്രീ. ടി. കെ. ദേവകുമാർ: സർ, ഹരിപ്പാട് പട്ടണം ഒരു ക്ഷേത്ര നഗരമാണ്. മണ്ണാറശ്ശാല ക്ഷേത്രത്തിലും അതുപോലെ ദക്ഷിണ പളനി എന്നറിയപ്പെടുന്ന സുബ്രഹ്മണ്യ ക്ഷേത്രത്തിലും, പരുമല പള്ളിയിലും ചക്കുളത്തുകാവിലും പോകുന്ന ആളുകൾ ഹരിപ്പാട് പട്ടണത്തിൽ വന്നിട്ടാണ് പോകുന്നത്. ഈ ക്ഷേത്ര നഗരത്തിൽ താമസിക്കുന്നതിനുള്ള സൗകര്യം വളരെ കുറവാണ്. ദേവസ്വം ബോർഡിന്റെ കൈയിൽ കുറേയധികം ഭൂമിയുണ്ട്. ബന്ധപ്പെട്ട അധികാരികളുടെ യോഗം വിളിച്ചുകൂട്ടി ഈ ക്ഷേത്ര നഗരത്തിൽ വരുന്ന ആളുകൾക്ക് താമസിക്കാൻ ആവശ്യമായ സംവിധാനം ഉണ്ടാക്കുന്നതിന് സർക്കാർ മുൻകൈയെടുക്കുമോ?

ശ്രീ. കെ. സി. വേണുഗോപാൽ: സർ, ഹരിപ്പാടിനെ സംബന്ധിച്ചിടത്തോളം അത്തരം ഒരു നിർദ്ദേശം വന്നാൽ തീർച്ചയായും ഗവൺമെന്റ് അത് പരിശോധിക്കുന്നതാണ്.

ശ്രീ. എം. എം. ഹസ്സൻ: സർ, ഹരിപ്പാടും, കായംകുളവുമൊക്കെ ഇതുപോലെ അതിമനോഹരമായ ക്ഷേത്രങ്ങളുടെ നാടാണ്. കായൽപ്പരപ്പുകൾകൊണ്ട് പ്രസിദ്ധമാണ്. കായംകുളം കൊച്ചുണ്ണിയുടെ ജന്മനാട് കൂടിയാണ് കായംകുളം. ഉള്ളവരിൽ നിന്ന് പിടിച്ചുപറിച്ച് ഇല്ലാത്തവന് കൊടുത്ത ആ കായംകുളം കൊച്ചുണ്ണിയുടെ നാട് ഇപ്പോൾ പുനർജനിക്കുകയാണ്. അവിടെ ടൂറിസ്റ്റ് കേന്ദ്രമാക്കാനാവശ്യമായ ടൂറിസം പദ്ധതികൾ ആവിഷ്കരിക്കാൻ നടപടിയെടുക്കുമോ?

ശ്രീ. കെ. സി. വേണുഗോപാൽ: സർ, കായംകുളത്തിന്റെ കാര്യം ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത് ശരിയാണ്. കായംകുളത്തിന്റെ ടൂറിസം പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് മുൻകാലത്തു തന്നെ ചില പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. അതിന്റെ തുടർ നടപടികൾ അടിയന്തിരമായിട്ട് ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.